**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6562.** **03.04.2018 ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പ് പിടിച്ചെടുത്ത തൊണ്ടി സാധനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം നാളിതുവരെ എക്സൈസ് വകുപ്പ് ഇതര വകുപ്പുകളുടെ സഹകരണത്തോടുംകൂടി എത്ര തുക മൂല്യമുള്ള ലഹരിവസ്തുക്കൾ/കുഴൽപ്പണം/ സ്വർണ്ണം-വെള്ളി/വാഹനങ്ങൾ ഉൾപ്പെടെയുള്ള തൊണ്ടി സാധനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം നാളിതുവരെ എക്സൈസ് വകുപ്പ് ഇതര വകുപ്പുകളുടെ സഹകരണത്തോടുംകൂടി 1,01,98,550/- രൂപ മൂല്യമുള്ള കഞ്ചാവ്, 65,22,930/- രൂപ വിലയുള്ള വിദേശമദ്യം, 70,81,780/- രൂപ മൂല്യമുള്ള പുകയില ഉല്പന്നങ്ങൾ, 11,000/- രൂപ മൂല്യമുള്ള മയക്ക്മരുന്ന്, 15,30,38,320/- രൂപ മൂല്യമുള്ള സ്വർണ്ണം, 23,10,690/- രൂപ മൂല്യമുള്ള വെള്ളി, 54 ലക്ഷം രൂപ മൂല്യമുള്ള വാഹനങ്ങൾ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തൊണ്ടി സാധനങ്ങളുടെ സൂക്ഷിപ്പുകാർ ആരെല്ലാം എന്നും ഇവ സർക്കാരിന് മുതൽ കൂട്ടാനായി നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) | അബ്കാരി കേസ്സുകളിൽ കണ്ടെടുക്കുന്ന തൊണ്ടി വകകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുമ്പാകെ ഹാജരാക്കുകയും ആയതിന്റെ സൂക്ഷിപ്പ് റെയിഞ്ച് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്ത് വരുന്നു. എൻ.ഡി.പി.എസ്. കേസ്സുകളിൽ കണ്ടെടുക്കുന്ന ലഹരി വസ്തുക്കൾ എ.ആർ. ക്യാമ്പുകളിൽ സൂക്ഷിക്കുകയും വാഹനങ്ങൾ ബഹു. കോടതി മുമ്പാകെ ഹാജരാക്കുകയും ചെയ്യുന്നു. അബ്കാരി കേസ്സിൽ ഉൾപ്പെട്ട തൊണ്ടി വകകൾ അബ്കാരി നിയമം 67 (ബി), 67 (ബി) 2 പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി സർക്കാരിലേയ്ക്ക് കണ്ടു കെട്ടുകയും നിയമാനുസരണം ലേല നടപടികൾ നടത്തിവരുകയും ചെയ്യുന്നു. എൻ.ഡി.പി.എസ്. കേസ്സുകളിലെ വാഹനങ്ങൾ Under Subsection 3 of Sec.52(A) of the NDPS Act 1985 പ്രകാരം ബഹു. |

| | | | |
|---|---|---|---|
| | | | കോടതിയിൽ അപേക്ഷ കൊടുത്ത് കണ്ടുകെട്ടി ലേല നടപടികൾ നടത്തിവരുന്നു. |
| (സി) | ഇപ്രകാരം പിടികൂടുന്ന തൊണ്ടി സാധനങ്ങൾ വിവിധ എക്സൈസ് സ്റ്റേഷനുകളിൽ കിടന്ന് നശിക്കുന്നത് തടയുവാനും കോടതി അനുമതിയോടുകൂടി ലേലം ചെയ്ത് സർക്കാരിന് മുതൽക്കൂട്ടാനുമുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കാമോ; | (സി) | അബ്കാരി കേസ്സിലുൾപ്പെട്ട വാഹനങ്ങളുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറാകയാൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മറ്റ് തൊണ്ടി വകകൾ അബ്കാരി നിയമം 53 എ (2) പ്രകാരം ബഹു.കോടതികളിൽ അപേക്ഷ സമർപ്പിച്ച് കോടതിയുടെ കറക്ട്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കണ്ടുകെട്ടുകയും സ്പിരിറ്റും മറ്റും വില്പന നടത്തുകയും ചെയ്യുന്നുണ്ട്. മറ്റ് മദ്യങ്ങൾ നശിപ്പിച്ച് കന്നാസുകളും മറ്റും ലേലം ചെയ്യുകയും ചെയ്യുന്നുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ ഇത്തരത്തിൽ എത്ര തുകയുടെ ലേലം നടപ്പിലാക്കി തുക ഖജനാവിൽ നിക്ഷേപിച്ചു; വിശദാംശം വ്യക്തമാക്കുമോ? | | ഈ സർക്കാർ അധികാരമേറ്റതിനുശേഷം സ്പിരിറ്റ് വിൽപ്പന നടത്തി 80,534/- രൂപയും, വാഹന ലേലം നടത്തി സർക്കാർ ഖജനാവിലേക്ക് 33,09,375/- രൂപയും നിക്ഷേപിച്ചിട്ടുള്ളതാകുന്നു. |

**സെക്ഷൻ ഓഫീസർ**